## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 33** — **04-10-2021 - ൽ മറുപടിയ്ക്ക്**

## ഹരിത കേരളം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഹരിത കേരളം പദ്ധതി നിലവിൽ പ്രവർത്തന ക്ഷമമാണോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഹരിതകേരളം മിഷൻ പദ്ധതി പ്രവർത്തന ക്ഷമമാണ്. കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന ശുചിത്വവും ജലസമൃദ്ധിയും വീണ്ടെടുക്കുക, സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്നിവയാണ് ഹരിതകേരളം മിഷന്റെ മുഖ്യ ലക്ഷ്യങ്ങൾ. കാലാവസ്ഥാ വ്യതിയാനം പോലെയുള്ള പുതിയ വെല്ലുവിളികൾ നേരിടുന്നതിനുള്ള പ്രാദേശിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും മിഷൻവഴി ലക്ഷ്യമിടുന്നുണ്ട്. കൂടാതെ ഭൂമിയും മണ്ണും ജലവും വായുവും മലിനമാക്കാതെ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ജലസാന്നിദ്ധ്യം സ്രോതസ്സുകളിൽ എല്ലാ സമയവും ഉറപ്പാക്കുവാൻ ആവശ്യമുള്ള പാരിസ്ഥിതിക പുനഃസ്ഥാപന പ്രവർത്തികൾ കണ്ടെത്തി നിർവ്വഹിക്കുന്നതിനും വകുപ്പുകളേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും സമൂഹത്തേയും പ്രാപ്തരാക്കുക, പാരിസ്ഥിതിക സുരക്ഷയും ഉൽപ്പാദന ക്ഷമതയും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ടുകൊണ്ടുള്ള സംയോജിത പദ്ധതി രൂപീകരിക്കുന്നതിന് പ്രേരകശക്തിയായി പ്രവർത്തിക്കുക, ശുചിത്വ മാലിന്യ സംസ്കരണ മേഖലയിലെ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക, മഴവെള്ള സംഭരണം വ്യാപകമാക്കുക, ഭൂഗർഭ ജലസംപോഷണം ഉറപ്പാക്കുക, ഫലവൃക്ഷങ്ങൾ വിവിധ ഇനം , ഔഷധ സസ്യങ്ങൾ എന്നിവ വ്യാപകമായി വെച്ചുപിടിപ്പിക്കുക തുടങ്ങിയവയും പൊതുവായ ലക്ഷ്യങ്ങളാണ്. |
| (ബി) | മാലിന്യ സംസ്കരണത്തിൽ ഈ പദ്ധതിക്ക് നൽകിയിരിക്കുന്ന പ്രധാന്യം വ്യക്തമാക്കാമോ; | (ബി) | ശുചിത്വ മാലിന്യ സംസ്കരണം ഹരിതകേരളം മിഷന്റെ മൂന്ന് ഉപമിഷനുകളിൽ ഒന്നാണ്. പുതിയ നഗര ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ അനുസരിച്ച് ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്തവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിച്ചും ഉത്തരവാദിത്ത മാലിന്യ പരിപാലന രീതികൾ |

അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ മാലിന്യപരിപാലന സംസ്കാരം സൃഷ്ടിച്ചും, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിര മാക്കിയുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയാണ് ഹരിതകേരളം മിഷൻ മാലിന്യ സംസ്കരണ പദ്ധതികൾക്ക് രൂപം നൽകിയിട്ടുള്ളത്. ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, വിവിധ ഏജൻസികൾ എന്നിവയുടെ ഏകോപനത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മാലിന്യ സംസ്കരണത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് ഹരിതകേരളം മിഷൻ നേതൃത്വം നൽകിവരുന്നു. 986 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 3038 ഹരിതകർമ്മസേനാ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിലൂടെ 30,000ത്തോളം ഹരിതകർമ്മസേനാംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ത്താകമാനം 47% വീട്ടുകളിലും 36% സ്ഥാപനങ്ങളിലും വാതിൽപ്പടി അജൈവ മാലിന്യ ശേഖരണം നടത്തുന്നുണ്ട്. 4708 മിനി എം.സി.എഫുകൾ വാർഡ്തലത്തിൽ പാഴ് വസ്തു സംഭരണത്തിനായി സ്ഥാപിച്ച് പ്രവർത്തിക്കുന്നു.ഇതിൽ 3177 മിനി എം.സി.എഫുകൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേനയാണ് സ്ഥാപിച്ചിട്ടുള്ളത്. 1110 എം.സി.എഫുകൾ തദ്ദേശസ്വംയഭരണ സ്ഥാപന തലത്തിൽ പാഴ് വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനായി സ്ഥാപിച്ച് പ്രവർത്തിക്കുന്നു. അതിൽ 64 എണ്ണം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി മുഖേനയാണ് സ്ഥാപിച്ചിട്ടുള്ളത്. പാഴ് വസ്തുക്കൾ പുനരുപയോഗ യോഗ്യമാക്കുന്നതിനായി യന്ത്ര സംവിധാനങ്ങളോടു കൂടിയ 171 ആർ.ആർ.എഫുകൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സ്ഥാപിച്ച് ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. അതിൽ 9 എണ്ണം അയ്യങ്കാളി തൊഴിലുറപ്പ് വഴി നിർമ്മിച്ചിട്ടുള്ളതാണ്. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സാങ്കേതികമായി സഹായിക്കുന്നതിനായി 31 ഹരിതസഹായ സ്ഥാപനങ്ങൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. 4800 മെട്രിക് ടൺ അജൈവ പാഴ് വസ്തുക്കൾ ക്ലീൻകേരള കമ്പനി മുഖാന്തിരം ഇതിനോടകം ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. 3810 കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് സംവിധാനങ്ങളിലൂടെ 7,66,252 കിലോഗ്രാം ജൈവമാലിന്യം പ്രതിദിനം സംസ്ഥാനത്ത് സംസ്കരിക്കപ്പെടുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ്

| | | | |
|---|---|---|---|
| | | | പദ്ധതി മുഖേന 31,968 കമ്പോസ്റ്റ് പിറ്റുകളും അയ്യങ്കാളി പദ്ധതി മുഖേന 35,254 കമ്പോസ്റ്റ് പിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. 11,510 സർക്കാർ ഓഫീസുകൾ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നു 1,800 ഓളം വിദ്യാലയങ്ങളിലായി 7,479 എണ്ണം (1,869 യൂണിറ്റ്) കളക്റ്റേഴ്സ് @ സ്കൂൾ സെഗ്രിഗേഷൻ ബിന്നുകൾ സ്ഥാപിച്ചു. 5 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകൾ (ഹരിത സഹായ കേന്ദ്രങ്ങൾ) എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുയെന്ന് വ്യക്തമാക്കുമോ? | (സി) | ശുചിത്വ മാലിന്യ സംസ്കരണം, കൃഷി, ജലസംരക്ഷണം എന്നീ മേഖലകളിൽ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയും സുസ്ഥിരതയും ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഹരിതകേരളം മിഷൻ സ്വീകരിച്ചുവരുന്നു. മിഷൻ മുൻകൈയ്യെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പച്ചത്തുരുത്തുകൾ,ജലഗുണപരിശോധനാ ലാബുകൾ, നീർച്ചാലുകളുടെ വീണ്ടെടുപ്പായ "ഇനി ഞാനൊഴുകട്ടെ" കാമ്പയിൻ എന്നീ പരിപാടികൾ നവകേരളം കർമ്മപദ്ധതി 2ന്റെ ഭാഗമായി തുടർന്നും നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ